ओ३म्

# ദയാനന്ദ സന്ദേശം


*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 3 ലക്കം 6

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 മാർഗ്ഗശീർഷ – പൗഷ

1191 വൃശ്ചികം – ധനു 2015 ഡിസംബർ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-




**ഭായ് പരമാനന്ദ്**



**സ്വാമി ശ്രദ്ധാനന്ദൻ**



**അഷഫാഖുള്ളാ ഖാൻ**



**രാജേന്ദ്ര ലാഹിരി**



**രാം പ്രസാദ് ബിസ്മിൽ**

ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ

| | |
|---|---|
| ഡിസംബർ 8 : | ഭായ് പരമാനന്ദ് നിർവ്വാണ ദിനം |
| ഡിസംബർ 17 : | രാജേന്ദ്ര ലാഹിരി രക്തസാക്ഷി ദിനം |
| ഡിസംബർ 19 : | രാം പ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാ ഖാൻ, രോഷൻസിംഹ് രക്തസാക്ഷി ദിനം |
| ഡിസംബർ 23 : | സ്വാമി ശ്രദ്ധാനന്ദ് ബലിദാന ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### മണ്ഡലം 1 സൂക്തം 5

*മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ പിപീലികാ മദ്ധ്യാനിച്യദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

**സ ഘാ നോ യോഗ ആ ഭുവത്സ രായേ സ പുരന്ധ്യാമ് |**

**ഗമദ് വാജേഭിരാ സ നഃ ||**

*(ഋഗ്വേദം 1. 5. 3)*

**പദാർത്ഥം:** (സഃ) പൂർവ്വോക്തമായ ഇന്ദ്രപരമേശ്വരനും സ്പർശവാനായ വായുവും (നഃ) ഞങ്ങൾക്ക് (യോഗേ) എല്ലാ സുഖങ്ങളേയും സിദ്ധിക്കാനുതകുന്നതും അഥവാ പദാർത്ഥങ്ങളെ പ്രാപിക്കാവുന്നതുമായ യോഗം അതേപോലെ (സഃ) അതു തന്നെ (രായേ) ഉത്തമസാധനങ്ങളുടെ ലാഭത്തിനായും (സഃ) ആ (പുരന്ധ്യാമ്) അനേകശാസ്ത്രങ്ങളുടെ അറിവുകളാൽ യുക്തമായ ബുദ്ധിയിൽ (ആ ഭുവത്) പ്രകാശിച്ചാലും. ഇപ്രകാരം (സഃ) അദ്ദേഹം (വാജേഭിഃ) ഉത്തമ അന്നവും വിമാനാദിയാത്രാമാദ്ധ്യമങ്ങളുമായി (നഃ) ഞങ്ങൾക്ക് (ആ ഗമത്) ഉത്തമസുഖം ഉണ്ടാകുന്നതിനുള്ള ജ്ഞാനത്തെ നൽകുകയും അതുപോലെ ഈ വായുവും ഈ വിദ്യാസിദ്ധിക്ക് ഹേതുവായി തീരുന്നു.

**ഭാവാർത്ഥം:** ഇതിലും ശ്ലേഷാലങ്കാരമാണ്. ഈശ്വരൻ പുരുഷാർത്ഥിയായ മനുഷ്യന് സഹായകാരിയായിതീരുന്നു. ആലസിക്കല്ല അതേപോലെ സ്പർശവാനായ വായുവും പുരുഷാർത്ഥിക്ക് നിമിത്തമാവുന്നു. എന്തെന്നാൽ ഏതൊരു പ്രാണിക്കും പുരുഷാർത്ഥം കൂടാതെ ധനവൃദ്ധിയും ഇതു കൂടാതെ ഉത്തമസുഖങ്ങളും ഒരിക്കലും ഉണ്ടാവില്ല. അതിനാൽ എല്ലാ മനുഷ്യർക്കും പുരുഷാർത്ഥിയായി കർമ്മനിരതനാവേണ്ടത് അത്യാവശ്യമാണ്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംച്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 3 ലക്കം 6

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 മാർഗ്ഗശീർഷ–പൗഷ
1191 വൃശ്ചികം–ധനു 2015 ഡിസംബർ'



**രക്ഷാധികാരി**

സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 7 |
| ഉപദേശ മഞ്ജരി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| സ്വസ്ഥ വൃത്തം | : | 11 |
| ആര്യോദ്ദേശ്യ രത്നമാല | : | 12 |
| സംശയനിവാരിണി | : | 13 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 15 |


## വിലാസം


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmall.com**
**Visit us : www.thearyasmaj.org/vellinezhi**


# മുഖവാണി

## ഡിസംബർ 23:
## സ്വാമി ശ്രദ്ധാനന്ദ ബലിദാന ദിനം



ആധുനിക ഭാരതം ദർശിച്ച സന്യാസിവര്യൻമാരിൽ അഗ്രഗണ്യനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന സ്വാമി ശ്രദ്ധാനന്ദന്റെ രക്തസാക്ഷിദിനം ഈ മാസം 23 നാണ്. സ്വാമി ശ്രദ്ധാനന്ദന്റെ നാമം കേൾക്കുന്ന മാത്രയിൽ തന്നെ നിർഭയനായി തോക്കിനു നേരെ വിരിമാറ് കാണിച്ചുകൊടുത്ത ദേശഭക്തൻ, വ്യത്യസ്ഥവിചാരധാരകളുൾക്കൊള്ളുന്നവരെ യോജിപ്പിച്ചുനിർത്താൻ അസാമാന്യകഴിവുണ്ടായിരുന്ന ദേശീയനേതാവ്, സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രചാരകൻ, പ്രാചീന ഗുരുകുലവിദ്യാഭ്യാസ പദ്ധതിയേ പുനരാവിഷ്കരിച്ച് മെക്കാളെയുടെ ദേശവിരുദ്ധമായ ഇംഗ്ലീഷ് വിദ്യാഭ്യാ

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

സത്തെ നേരിട്ട ആചാര്യൻ, തന്റെ സർവ്വസമ്പത്തും ഈ ഗുരുകുലപ്രവർത്തന ത്തിനായി സമർപ്പിച്ച മാതൃകാപുരുഷൻ, ക്രൂരവന്യമൃഗങ്ങൾ നിറഞ്ഞ കാനന നടുവിൽ ഏതാനും ആൺകുട്ടികളുമായി ലോകപ്രസിദ്ധമായ കാംഗ്ഡി ഗുരു കുലം സ്ഥാപിച്ച യോഗിവര്യൻ, മലബാറിൽ 1921 ൽ ഭീകരമായ അതിക്രമ ങ്ങളും കൂട്ട മതം മാറ്റങ്ങളും നടന്നപ്പോൾ ഒരു കൊടുങ്കാറ്റുപോലെ അവിടെ എത്തി നിരാലംബരായവരെ ആശ്വസിപ്പിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തു കയും ആയിരക്കണക്കിന് മതം മാറ്റപ്പെട്ടവരെ ശുദ്ധിക്രിയ നടത്തി വൈദിക ധർമ്മത്തിലേക്ക് (ഹിന്ദുധർമ്മം) തിരിച്ചുകൊണ്ടുവരികയും ചെയ്ത സാഹ സികനായ ആര്യപ്രചാരകൻ, കൽപ്പാത്തിയിലെ അവർണ്ണർക്ക് മൗലികാവകാ ശങ്ങൾ നിഷേധിക്കുന്നതിനെതിരെ മദ്രാസ് ഹൈക്കോടതിയിൽ പോയി ന്യായ വിധികൊണ്ടു വന്ന അഭിഭാഷകൻ, വൈക്കം സത്യാഗ്രഹത്തിന് തുടക്കം കുറിച്ച സാമൂഹ്യപരിഷ്കർത്താവ് എന്നിങ്ങനെ അനേകം മേഖലകളിൽ വ്യക്തി മുദ്രപതിപ്പിച്ച മഹത്വ്യക്തിയായിരുന്നു സ്വാമി ശ്രദ്ധാനന്ദൻ.

സ്വാമി ശ്രദ്ധാനന്ദനെകുറിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന രാംസേമ ക്ഡൊണാൾഡ് പറഞ്ഞതു നോക്കുക. "വർത്തമാനകാലത്തിലെ ഏതെങ്കിലു മൊരു കലാകാരൻ യേശു ക്രിസ്തുവിന്റെ രൂപം ഉണ്ടാക്കുന്നതിനായി ജീവിച്ചി രിക്കുന്ന ഏതെങ്കിലും മോഡലിനെ കാണാനാഗ്രഹിക്കുകയാണെങ്കിൽ ഞാൻ ഈ ഭവ്യമൂർത്തിയുടെ നേർക്ക് വിരൽ ചൂണ്ടികൊടുക്കും. ആരെങ്കിലും മദ്ധ്യ കാലീന ചിത്രകാരനായ സെന്റ് പീറ്ററിന്റെ ചിത്രമുണ്ടാക്കുന്നതിനായി ഒരു മാതൃക കാണാനാഗ്രഹിക്കുന്നുവെങ്കിൽ ഈ ജീവിക്കുന്ന മൂർത്തിയുടെ ദർശനം നടത്താൻ ഞാൻ പ്രേരിപ്പിക്കും"?

സ്വാമി ശ്രദ്ധാനന്ദനുള്ള യഥാർത്ഥ ശ്രദ്ധാഞ്ജലി അദ്ദേഹം കാണിച്ചുതന്ന പഥത്തിലൂടെ മുന്നേറി വൈദികധർമ്മത്തെ സംരക്ഷിച്ച് കൃണ്വന്തോ വിശ്വമാ ര്യമെന്ന വേദവാണിയെ സാക്ഷാത്കരിക്കാനായി പ്രയത്നിക്കുക എന്നതാണ്. ഈ അവസരം അതിന് നമുക്ക് പ്രേരണയേകട്ടെ.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

**മഹർഷി ദയാനന്ദ സരസ്വതി**

**തർജ്ജമ: കെ.എം. രാജൻ**

(തസ്മാത് യജ്ഞാൽസ) ഏതൊന്നിനാണ് ഒരിക്കലും നാശം വരാത്തത് അത് സത്, ഏതൊന്നാണോ സദാ ജ്ഞാനസ്വരൂപമായിട്ടുള്ളത്- അജ്ഞാനം ഒരിക്കലും ഉണ്ടാവാത്തത് ആ ചിത്, സദാസമയവും സുഖസ്വരൂപമായതും എല്ലാവർക്കും സുഖത്തെ നൽകുന്നതും ആനന്ദം. ഇത്തരം ലക്ഷണങ്ങളോടു കൂടിയതും എല്ലാ മനുഷ്യർക്കും ഉപാസനാ യോഗ്യനായ ഇഷ്ടദേവനും എല്ലായിടത്തും പരിപൂർണ്ണനും എല്ലാവിധ സാമർത്ഥ്യങ്ങളും ഉള്ളതുമായ പരബ്രഹ്മത്തിൽ നിന്ന് (ഋചഃ) ഋഗ്വേദം (യജുഃ) യജുർവ്വേദം (സാമാനി) സാമവേദം (ഛന്ദാംസി) അഥർവ്വവേദം എന്നീ നാലുവേദങ്ങൾ ഉണ്ടായി. അതിനാൽ വേദങ്ങളെ ഗ്രഹിക്കുകയും വേദോക്തരീതിയിൽ സഞ്ചരിക്കുകയും ചെയ്യുന്നത് എല്ലാ മനുഷ്യർക്കും ഉചിതമായിട്ടുള്ളതാണ്. ജജ്ഞിരേ, അജായത എന്നീ രണ്ടു ക്രിയാപദങ്ങൾ ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും വേദങ്ങളിൽ അനേകം വിദ്യകൾ അടങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാക്കേണ്ടതാണ്. അതേപോലെ തസ്മാദെന്ന് രണ്ടുതവണ പ്രയോഗിച്ചതിൽ നിന്നും വേദങ്ങൾ ഈശ്വരനിൽനിന്നാണ് ഉൽപ്പന്നമായിരിക്കുന്നത് എന്നും മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടതല്ലാ എന്നും ഗ്രഹിക്കണം. വേദങ്ങളിലെ എല്ലാ മന്ത്രങ്ങളും ഗായത്രി തുടങ്ങിയ ഛന്ദസ്സുകളാൽ യുക്തമായതിനാൽ 'ഛന്ദാംസി' എന്ന പദം പറഞ്ഞത് നാലാമത്തേതായ അഥർവ്വവേദത്തെ കുറിക്കാനാണെന്ന് അറിയണം. ശതപഥം തുടങ്ങിയ ബ്രാഹ്മണങ്ങളുടേയും വേദമന്ത്രങ്ങളുടേയും പ്രമാണത്തിൽ നിന്ന് 'യജ്ഞ'മെന്നതിന് 'വിഷ്ണു' എന്നും 'വിഷ്ണു'വെന്നതിന് സർവ്വവ്യാപകൻ-പരമേശ്വരൻ എന്നീ അർത്ഥങ്ങൾ വരുന്നു. ഈ ജഗത്തിന്റെ ഉൽപ്പത്തി നടത്താൻ പരമേശ്വരനല്ലാതെ മറ്റാർക്കും കഴിയില്ല. (1)

(യസ്മാദൃചോ അപാ) ആ സർവ്വശക്തിമാനായ ഈശ്വരനിൽ നിന്ന് (ഋചഃ) ഋഗ്വേദം (യജുഃ) യജുർവ്വേദം (സാമാനി) സാമവേദം (ആങ്ഗിരസഃ) അഥർവ്വവേദം എന്നീ നാലുവേദങ്ങളും ഉൽപ്പന്നമായി. ഇപ്രകാരം രൂപകാലങ്കാരത്താൽ വേദങ്ങളുടെ ഉൽപ്പത്തി ഈശ്വരൻ പ്രകാശിപ്പിക്കുന്നത് ഇങ്ങിനേ

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

യാണ്. അഥർവ്വം എനിക്ക് മുഖതുല്ല്യവും സാമവേദം കേശം പോലെയും യജുർവേദം ഹൃദയത്തിന് തുല്ല്യവും ഋഗ്വേദം പ്രാണനെപ്പോലെ എന്നും വർണ്ണിച്ചിരിക്കുന്നു. (ബ്രൂഹി കതമഃ സ്വിദേവ സഃ) നാലുവേദങ്ങളേയും ഉൽപ്പാദിപ്പിച്ച ആ ദേവൻ എപ്രകാരമുള്ളതാണ് എന്ന ചോദ്യത്തിന് ഉത്തരം (സ്കംഭം തമ്) എല്ലാ ജഗത്തിനേയും ധാരണം ചെയ്തുവർത്തിക്കുന്നത് പരമേശ്വരനാണെന്നും അദ്ദേഹത്തിന്റെ നാമം സ്കംഭം എന്നുമാണ്. അദ്ദേഹത്തെ നീ വേദങ്ങളുടെ കർത്താവായി കാണുക. മാത്രമല്ല, അദ്ദേഹത്തെയല്ലാതെ മനുഷ്യർക്ക് ഉപാസിക്കാൻ യോഗ്യനായിട്ട് ഒരു ഇഷ്ടദേവനുമില്ല. എന്തെന്നാൽ വേദങ്ങളുടെ കർത്താവായ സർവ്വശക്തിമാനായ പരമേശ്വരനെ ഒഴിച്ച് മറ്റാരുണ്ട് പരമേശ്വരനായി കണ്ടുപാസിക്കാൻ. (2)

(തുടരും)


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**


***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

***(മുൻ ലക്കത്തിന്റെ തുടർച്ച)***

# ശത്രുവോ? മിത്രമോ?

**ഋഷ്യശൃംഗൻ**

## ചൂതാട്ടം – ഭാഗ്യപരീക്ഷണം

ഏറ്റവും വേഗത്തിലും എളുപ്പത്തിലും സാമ്പത്തികനേട്ടമുണ്ടാക്കുവാനുള്ള അഭിനിവേശം ശരാശരി മനുഷ്യർക്ക് സ്വാഭാവികമായുണ്ട്. മോഷണം, വഞ്ചന, കൊള്ള, ചതി തുടങ്ങിയവയാണ് ഇതിനായി സാധാരണ പ്രയോഗിക്കുന്ന പദ്ധതി. പക്ഷെ എന്നാലിതെല്ലാം സാമൂഹ്യ ഭയത്തിനും നിയമനടപടികൾക്കും വഴിതെളിക്കും. അതിനാൽ ചൂതാട്ടമാണ് ഇതിൽ ഏറ്റവും എളുപ്പവും സുരക്ഷിതവും പെട്ടെന്ന് സാധിക്കാവുന്നതും. ഇത് ഒരു ഭാഗ്യത്തിന്റെ കളിയും സാമർത്ഥ്യത്തിന്റെ മാറ്റുരക്കലുമാണ്. പാവപ്പെട്ടവരും സമ്പന്നരും നിരക്ഷരരും പണ്ഡിതന്മാരും വിഡ്ഢികളും ബുദ്ധിജീവികളും എല്ലാം ഇത്തരം ഭാഗ്യപരീക്ഷണത്തിന് താൽപര്യം പ്രകടിപ്പിക്കുന്നു.

കുതിരപന്തയം, ചീട്ടുകളി, ഓഹരി വിപണി, കാറോട്ട മൽസരം എന്നിവയെല്ലാം മനുഷ്യർ ഇത്തരം കളികൾക്കായി ഉപയോഗിക്കുന്നു. ഇതെല്ലാം ഒടുവിൽ എത്തിച്ചേരുന്നത് ഒരിടത്താണ്. ആത്മനഷ്ടവും ഉന്നതമേഖലകളിൽ നിന്ന് താഴോട്ടുള്ള കൂപ്പുകുത്തലും. നഷ്ടപ്പെടുന്ന ചൂതാട്ടക്കാർക്ക് വീണ്ടും വീണ്ടും കളിച്ച് പരാജയത്തിലേക്ക് തുടർന്നു പോകാനുള്ള നൈസർഗികമായ ഒരഭിനിവേശം കാണാം. തുടർച്ചയായുണ്ടാകുന്ന തോൽവികൾ മൂലമുണ്ടാകുന്ന മാനസിക പിരിമുറക്കത്തിൽ നിന്ന് രക്ഷനേടുവാൻ അവർ മയക്കുമരുന്ന്, മദ്യം എന്നിവയിൽ ആശ്വാസം കാണും. അതോടെ അയാളുടെ കുടുംബം പൂർണ്ണമായി ജീവിതനഷ്ടങ്ങളിലേക്ക് ആഴ്ന്നുപോകുന്നു. സാമൂഹികമായോ വ്യക്തിപരമായോ ഉള്ള ബഹുമാനാദരങ്ങൾ എല്ലാവശത്തുനിന്നും നഷ്ടപ്പെടുന്നു

മിക്ക നല്ലമതഗ്രന്ഥങ്ങളും ചൂതാട്ടം പാടില്ലാ എന്ന് ഉപദേശിക്കുന്നു. 'ചൂതാട്ടം ആണ് എല്ലാവിധ ദുഷ്പ്രവൃത്തികൾക്കും വഴക്കുകൾക്കും കാരണ'മെന്ന് മഹാഭാരതത്തിലെ സഭാപൂർവ്വം പറയുന്നു. 'മായം ചേർക്കലും മദ്യപാനവും ഘോരഅപരാധ'മാണെന്ന് വിദുരനീതിയിൽ പറയുന്നു. എല്ലാതരത്തിലുമുള്ള അവനതിക്ക് ചൂതാട്ടം വഴിവെക്കുമെന്നും അതിനാൽ ബുദ്ധിമാൻമാർ ചൂതാട്ടങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും അതിൽ തുടർന്നു പറയുന്നുണ്ട്. ഒരു രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് ചൂതാട്ടം പോലുള്ളവ കാരണമാകുന്നതിനാൽ അത് നിരോധിക്കണമെന്ന് മനുസ്മൃതി (9.221) പറയുന്നു. ചൂതാട്ടത്തിന് പ്രേരിപ്പിക്കുന്നവരേയും കളിക്കുന്നവരേയും നാടുകടത്തേണ്ടതാണെന്നും പറയുന്നു. ചൂതാട്ടക്കാരനെ കുറിച്ചുള്ള വിശദമായ ഒരു വിവരണം ഋഗ്വേദം 10.34 ൽ പറയുന്നുണ്ട്. ചൂതാട്ടക്കാരൻ തന്റെ ചെയ്തികളെകുറിച്ച് പശ്ചാത്തപിച്ചു പറയാറുണ്ട്. "ഞാൻ ചൂതാട്ടം കളിക്കാൻ ഇഷ്ടപ്പെടുന്നില്ല. എന്റെ ഭാര്യവീട്ടുകാർ (ഭർത്താവിന്റെ വീട്ടുകാരും) എന്റെ കുടുംബാംഗങ്ങളെ അവഹേളിക്കുന്നു. കളിയിൽ എനിക്ക് നഷ്ടം വരുന്നു. ഇപ്പോൾ ഞാൻ സ്വയം എന്നെ തന്നെ വെറുക്കുന്നു. അതിനാൽ സുഹൃത്തുക്കളെ നിങ്ങൾ ഈ ചെകുത്താന്റെ അടുത്തേക്ക് പോകരുത്. വ്യവസായശാലകൾ നടത്തൂ. കൃഷി ചെയ്യൂ, അങ്ങിനെ കിട്ടുന്ന ധനത്തിൽ സംതൃപ്തനാവൂ. കുടുംബത്തെ സംരക്ഷിക്കൂ. മഹാനായ യുധിഷ്ഠിര ചക്രവർത്തിക്ക് പോലും നാടും ഭാര്യയേപോലും ചൂതാട്ടത്തിലൂടെ നഷ്ടപ്പെട്ടുവെന്ന് മഹാഭാരതവൃത്തം ഓർക്കൂ...."

(തുടരും)

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

**മഹർഷി ദയാനന്ദ സരസ്വതി**
**തർജ്ജമ: കെ.എം. രാജൻ**

## ആറാം പ്രഭാഷണം (ജന്മ വിഷയം)



ഇനി വീണ്ടും സൃഷ്ടിയുടെ ഉൽപത്തി, സ്ഥിതി, പ്രളയം എന്നിവയുടെ ക്രമം നോക്കിയാലും. അതിന് സദൃശമായി ജീവാത്മാവിനും പൂർവ്വജന്മങ്ങളുണ്ട്. ഇത് നമ്മുടെ മദ്ധ്യമ ജന്മമാണ്. മോക്ഷം ലഭിക്കുന്നതുവരെ ഈ ജന്മമുണ്ടാവുന്നതാണ്. ഈ പരമ്പരയനുസരിച്ച് ഈ മദ്ധ്യമജന്മത്തിന്റെ സാദ്ധ്യതയുണ്ടായത് മുജ്ജന്മം നേരത്തെ ഉണ്ടായതിനാലാണ്. എന്തെന്നാൽ കിണറിൽ വെള്ളമില്ലെങ്കിൽ തൊട്ടി യിൽ വെള്ളം ലഭിക്കുന്നതെങ്ങനെ? ഈ ദൃഷ്ടാന്തം ഇവിടെ ശരിയായിവരുന്നു.

ഇനി ചിലർ പറയാം ഈശ്വരൻ പദ്ധതികൾ തയ്യാറാക്കുന്നുവെന്നും അദ്ദേഹത്തിന്റെ പദ്ധതികൾ ചിലപ്പോൾ വിജയിക്കുകയും മറ്റു ചിലപ്പോൾ പാളിപ്പോവുകയും ചെയ്യുന്നുവെന്ന്. ക്രൈസ്തവരുടെ ധർമ്മപുസ്തകത്തിൽ (ബൈബിൾ) ഇങ്ങിനെ പറയുന്നു. ദൈവം ഒരു സുന്ദരമായ പൂന്തോട്ടമുണ്ടാക്കിയെന്നും അവിടെ ഒരു സ്ത്രീ-പുരുഷ ദമ്പതികളെ താമസിപ്പിച്ചുവെന്നും ജ്ഞാനവൃക്ഷമെന്ന ഒരു വൃക്ഷത്തെ നിർമ്മിച്ചുവെന്നുമാണത്. ഈ വൃക്ഷത്തിന്റെ ഫലം എടുക്കരുതെന്ന് സ്ത്രീ-പുരുഷന്മാർക്ക് ദൈവം നിർദ്ദേശവും നൽകി. അതിന്നർത്ഥം നീ ജ്ഞാനപഴം കഴിക്കരുതെന്നും അജ്ഞാനിയായി നിലനിൽക്കണമെന്നും! പക്ഷെ സഹജമായ സ്വഭാവം കാരണം ഇവർ ഈശ്വരാജ്ഞയെ ലംഘിക്കുകയും പഴം പറിച്ചെടുക്കുകയും ചെയ്തു. ഇതിൽ കുപിതനായ ദൈവം ഈ സ്ത്രീ-പുരുഷൻമാരെ പൂന്തോട്ടത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു. ഈശ്വരന്റെ വ്യവസ്ഥ ഇപ്രകാരമാണെങ്കിൽ അദ്ദേഹം സർവ്വജ്ഞനാവുന്നത് എങ്ങിനെ? അതിനാൽ ഇത്തരം വ്യവസ്ഥകൾ ശരിയല്ല. ഒരു ജന്മം മാത്രമേയുള്ളൂവെന്ന വാദം അതിനാൽ ശരിയല്ല. ഈശ്വരൻ എല്ലാ ജഗത്തിനേയും ധാരണം ചെയ്യുന്നു. എന്നാൽ അദ്ദേഹം ഒരിക്കൽ മാത്രമാണിത് ചെയ്യുന്നത് എന്നറിയണം. ദൈവം ആറുദിവസം പരിശ്രമിച്ചുവെന്നും ഏഴാം നാൾ വിശ്രമിച്ചുവെന്നും പറയുന്നത് സർവ്വശക്തിമാനായ ഈശ്വരന്റെ കാര്യത്തിൽ ഒരിക്കലും സംഭവിക്കാത്തതാണ്. ഇതേപോലെ പൂന്തോട്ടനിർമ്മാണകാര്യത്തിലും ഒരിക്കൽ മറവിപറ്റുകയും പിന്നീടത് ശരിയാക്കണമെന്ന് ദൈവത്തിന് തോന്നുകയും ജനങ്ങളുടെ പാപനിവാരണത്തിനുള്ള വ്യവസ്ഥകളുണ്ടാക്കുകയും ചെയ്തുവെന്ന് പറയുന്നതും സംഭവിക്കാൻ ഇടയില്ല. മനുഷ്യർക്ക് സ്വമതത്തേക്കുറിച്ച് ദുരാഗ്രഹമുണ്ടാവുമെന്നത് സഹജസ്വഭാവമാണ്. എന്നാൽ പണ്ഡിതനായ പുരുഷൻ ഈ ദുരാഗ്രഹങ്ങളെ ഉപേക്ഷിച്ച് സത്യത്തെ പരീക്ഷിച്ചറിയണം. അതയാൾക്ക് ഭൂഷണമാണ്.

(തുടരും)

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരളുങ്ങാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## *അദ്ധ്യായം 3*



**കു**ളികഴിഞ്ഞ് മടങ്ങി പൂമുഖത്തെത്തിയപ്പോൾ മുണ്ടും കോണകവും ഒരുക്കിവെച്ചിരിക്കുന്നു. അടുത്തൊരുകിണ്ടിയിൽ വെള്ളവുമുണ്ട്. കാലുകഴുകാൻ. അപ്പുറത്തുണ്ട് ഭസ്മക്കുടുക്ക. ബ്രാഹ്മണാചാരസംസ്കാരങ്ങളെക്കുറിച്ച് നല്ല പരിജ്ഞാനമാർജ്ജിച്ച ആ കുടുംബിനിയുടെ പിഴയ്ക്കാത്ത മര്യാദ കണ്ട് പാച്ചനാശ്ചര്യം തോന്നി.

"ഓ ശരി"- പാച്ചൻ അന്തിമുടി ച്ചെഴുന്നേറ്റ് (സന്ധ്യാവന്ദനം ചെയ്ത്) തൊഴുതുചൊല്ലി. ഏകം, ദ്വയം....സപ്ത.... എന്നേഴുതിരിഞ്ഞ് ചെവിതൊട്ട് ധ്രുവാസി എന്ന മന്ത്രസമേതം നിലം തൊട്ട് ഭസ്മക്കുടക്കയിൽ നിന്ന് ഭസ്മമെടുത്ത് വടക്കുനോക്കിയിരുന്ന് കുറിയിട്ട് നമസ്കരിച്ച് ഉണ്ണാനൊരുങ്ങി അകത്തോക്ക് കടന്നു. പാച്ചനും വാര്യരും അടുത്തടുത്ത് ഉണ്ണാനിരുന്നു.

"നമ്പൂരാർക്ക് അമ്പലവാസികൾ വെച്ചൊളമ്പികൊടുത്താൽ പാപല്യാരിയ്ക്കും അല്ലേ?" വാരസ്യാർ പുഞ്ചിരിച്ചുകൊണ്ട് കോരികയിൽ ചോറെടുത്ത് വിളമ്പാൻ തുടങ്ങി.

"വാരിയത്തരുണിയേ പരിണയിച്ചാൽ നമ്പൂരാർക്ക് പാപമുണ്ടോ?" ഈ ചോറിനുണ്ടെങ്കിൽ അതിനുമുണ്ട്. എന്താ വാര്യരേ"- പാച്ചൻ തിരിച്ചടിച്ചു.

"അതു തന്നെ" വാര്യർ പൊട്ടിച്ചിരിച്ചു. "അതുവിധിച്ചതല്ലെ" വാരസ്യാർ കൂട്ടാനും ഉപ്പേരിയും ഉപ്പിലിട്ടതും മറ്റും വിളമ്പുന്നതിനിടയിൽ തട്ടിവിട്ടു.

'ആരു വിധിച്ചു? ഈശ്വരനോ, അതോ ഞാനടക്കമുള്ള ഈ ബ്രഹ്മജ്ഞരെന്നു വീമ്പിളക്കുന്ന പെൺകോന്തൻമാരായ ഊണുനൂലുകാരോ? - പാച്ചൻ ലേശം ആവേശം കൊണ്ടു.'

"ഊണു നൂലോ ! എന്താ പുതിയൊരുനൂല്?" കേട്ടിട്ടില്യാലോ ഇതിന് മുമ്പ്" വാരസ്യാരത്ഭുതപ്പെട്ടു.

"അതോ, ഇതാ നോക്കൂ, കണ്ടില്ലേ എന്റെ മാറിലെ ഈ നൂല്? ഇതു തന്നെ" പാച്ചൻ വിശദീകരിച്ചു.

"അപ്പോൾ പൂണൂൽ (യജ്ഞോപവീതം) അല്ലേ ഇത്?" വാരസ്യാർ സാത്ഭുതം സംശയിച്ചു.

"പണ്ടു പണ്ട് - സൃഷ്ടിയുഗാരംഭത്തിൽ ഇത് യജ്ഞസ്വരൂപനായ പരമേശ്വരോപാസന പഞ്ചമഹായജ്ഞാദികൾ മുഖേന ചെയ്തുകൊണ്ട് ഈ സംസാരരക്ഷ ചെയ്തിരുന്നതാണ് എന്നതിനുള്ള

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***

***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***

തിരിച്ചറിയൽ കാർഡായിരുന്നു. അത് പൂണൂലായി സങ്കീർണ്ണം, സങ്കോചിച്ചു. കാലാന്തരത്തിൽ ഒഴുക്കിൽപെട്ട് അതിലെ 'പൂ' പോയി "ഊ" ആയി ഊണിന്റെ പ്രതീകമായി തീർന്നു. "ബ്രാഹ്മണോ ഭോജനപ്രിയഃ" എന്നൊരു ശകാരപ്പേരിന്റെ അവാർഡും കിട്ടി. അതുമൂലം. പൂണുനൂൽ = പൂണ്ടു കിടക്കുന്ന നൂലാണത്. അതിലെ മൂന്നിഴകൾ മനുഷ്യന്റെ മൂന്നു ബാദ്ധ്യതകളെ (ഋണങ്ങൾ) സൂചിപ്പിക്കുന്നു. 1. ഋഷി കടം, 2. ദേവകടം, 3. പിതൃകടം എന്നിവയാണവ. തനിക്കറിയാവുന്നത് മറ്റുള്ളവർക്ക് ദാനം ചെയ്യലാണ് ഋഷികടമെങ്കിൽ സൂര്യചന്ദ്രാദി ദിവ്യശക്തികൾക്ക് പഞ്ചമഹായജ്ഞങ്ങൾ മുഖേന ഊർജ്ജം പകർന്നുകൊടുക്കലാണ് ദേവകടം. പിന്നെ മൂന്നാമത്തേത് വൃദ്ധാവസ്ഥയിലെത്തിനിൽക്കുന്ന മാതാപിതാദികാരണവൻമാർക്കാശ്വാസം പകരലാണ്. ഇതിന്റെ പേരാണ് പിതൃയജ്ഞം. ഈ മൂന്നുകടങ്ങളും കൊണ്ടാണ് നാമിവിടെ വരുന്നത്. അവയുടെ സൂചകങ്ങളാണ് ഈ മൂന്നിഴപൂണൂൽ. പിന്നീട് കാലാന്തരേണ ഊണുനൂലായി പരിണമിച്ചു. ഇനിയിതെന്തു നൂലായിമാറുമെന്ന് ആരുകണ്ടു." "ബ്രാഹ്മണോ ഭോജനപ്രിയഃ" എന്നൊരു പ്രമാണശകലവും ചിലർപടച്ചുണ്ടാക്കി. അത്രതന്നെ. പാച്ചൻ ബ്രാഹ്മണാഹന്തയുടെ തലയ്ക്കു കിഴുക്കി.

*(തുടരും)*



**1921 ലെ മലബാർ കലാപസമയത്ത് ആര്യസമാജം നടത്തിയ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ നിന്നുള്ള ചിത്രങ്ങൾ**



**ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)**
**അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും**



# സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

ഇതിനെപ്പറ്റി ആധികാരികമായി ലോകത്തോട് സംസാരിച്ച ശാസ്ത്രമാണ് ആയുർവ്വേദം. ആയുർവ്വേദത്തിലെ സ്വസ്ഥവൃത്തം ആരോഗ്യപരിപാലനത്തേക്കുറിച്ചുവിവരിക്കുന്ന ഭാഗമാണ്. ഓരോതരം ജോലിയും സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുമ്പോൾ ആയത് ശരീരത്തിൽ ചിലമാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ സ്ഥിരമാകുമ്പോൾ അതു രോഗത്തെ പ്രദാനം ചെയ്യാം. അതിനാൽ ഓരോരുത്തരും അവരവരുടെ കർമ്മമേഖലകളെ അടിസ്ഥാനപ്പെടുത്തി രോഗാവസ്ഥയെമനസ്സിലാക്കുന്നത് എളുപ്പമായിരിക്കും.

## ജീവിതത്തിൽ ആരോഗ്യത്തിന് അനുവർത്തിക്കേണ്ട ചര്യകൾ

1. മനസ്സിനു സമാധാനത്തെ നൽകികൊണ്ട് നേരത്തെ ഉറങ്ങുക.
2. സൂര്യോദയത്തിന് മുമ്പുണരുക.
3. ചുരുങ്ങിയത് രണ്ടുനേരമെങ്കിലും പല്ലുതേക്കുക. ഇതിനായി നമ്മുടെ ചുറ്റുമുള്ള സസ്യങ്ങളെ ആശ്രയിക്കുക.
4. മൂക്കിൽ കൂടെ തൈലം ഒറ്റിച്ചുകൊണ്ട് ശിരോമുഖങ്ങളെ ശുദ്ധീകരിക്കുന്നതിനു നസ്യം എന്നു പറയുന്നു. ദിവസവും നസ്യം ശീലിക്കുക.
5. ദിവസവും കണ്ണെഴുതി കണ്ണിനേ സംരക്ഷിക്കുക
6. നല്ലെണ്ണ വായിൽ നിറച്ച് പല്ലുകളുടേയും മോണകളുടേയും ബലം കാക്കുക.
7. ദിവസവും എണ്ണ തേച്ച് കുളിക്കുക. ബാഹ്യശുചിത്വം കാത്ത് സൂക്ഷിക്കുക.
8. മലമൂത്ര നിർവ്വഹണം കൃത്യമായി നടത്തുക
9. വ്യായാമം നിത്യം ശീലമാക്കുക.
10. ധ്യാനം നിത്യം ശീലിക്കുക
11. ശരീര മനസ്സുകളെ ശ്രദ്ധിച്ചു കൊണ്ട് സർവ്വചരാചരങ്ങളോടും ദയയോടുകൂടി ജഗദീശ്വരനോട് തന്റെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

*(തുടരും)*

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**ലക്ഷണം** :- എതൊന്നാലാണോ ലക്ഷ്യത്തെ അറിയാൻ കഴിയുന്നത്, അതായത് അതിന്റെ സ്വാഭാവിക ഗുണം. രൂപത്താൽ അഗ്നിയെ അറിയാനാവുന്നത് പോലെ. അതിനാൽ ഇതിനെ ലക്ഷണമെന്ന് പറയുന്നു.

**85. പ്രമേയം** :- പ്രമാണങ്ങളാൽ അംഗീകരിക്കപ്പെടുന്നത് അതായത് കണ്ണിന്റെ പ്രമേയം രൂപമാണ് എന്ന് ഇന്ദ്രിയങ്ങളാൽ പ്രതീതമാവുന്നു.അവയെ പ്രമേയമെന്ന് പറയുന്നു. ജഢശരീരത്തിൽ ഒരു പ്രകാരത്തിലുള്ള ചേഷ്ടകളും ഉണ്ടാവുന്നില്ല.അതായത് മൃതശരീരത്തിൽ. ശരീരത്തിനുള്ളിൽ ജീവാത്മാവുണ്ടെന്ന് അനുമാനിക്കുന്നു. അത് കാരണമാണ് സമസ്ത ക്രിയകളും നടക്കുന്നത്. ഇവിടെ ആത്മാവ് പ്രമേയമാണ്. ഇപ്രകാരം ആത്മാവ്, ശരീരം, ഇന്ദ്രീയം, അർത്ഥം, ബുദ്ധി, മനസ്സ്, പരലോകഗമനം എന്നിവക്ക് ഗൗതമ മുനി പ്രമേയമെന്ന് അംഗീകരിച്ചിരിക്കുന്നു.

**86. പ്രത്യക്ഷം**:- ശബ്ദാദി പദാർത്ഥങ്ങളോടൊപ്പം ശ്രോത്രാദി ഇന്ദ്രിയങ്ങളും മനസ്സുമായി അടുത്ത സംബന്ധത്താൽ അറിയാൻ കഴിയുന്നതാണ് പ്രത്യക്ഷമെന്ന് പറയുന്നത്. പ്രത്യക്ഷത്തിൽ മനസ്സിന്റെ സാഹചര്യം അത്യാവശ്യമാണ്. മനസ്സ് മറ്റു വല്ലയിടത്തുമാണെങ്കിലും മുന്നിലുള്ള പദാർത്ഥത്തെ നമുക്ക് കാണാനാവില്ല

**87. അനുമാനം**:- മുമ്പുകണ്ടിട്ടുള്ള ഒരു പദാർത്ഥത്തിന്റെ ഒരു അംഗത്തെ പ്രത്യക്ഷത്തിൽ കണ്ടാൽ അവയുടെ കാണാത്ത അംഗങ്ങളെ എതൊന്നാലാണോ അറിയാൻ കഴിയുന്നത് അതിനെ അനുമാനമെന്ന് പറയുന്നു. പലപ്പോഴും കാരണം മൂലം കാര്യത്തെക്കുറിച്ച് അനുമാനിക്കാവുന്നതാണ്. മേഘങ്ങളെ കണ്ടാൽ മഴയുണ്ടാവുമെന്നനുമാനിക്കാമല്ലോ. ചിലപ്പോഴെല്ലാം കാര്യത്തെ കണ്ട് കാരണത്തെ അനുമാനിക്കാവുന്നതാണ്. കലങ്ങിമറിഞ്ഞൊഴുകുന്ന നദികണ്ടാൽ അടുത്തെവിടെയോ മഴപെയ്യുന്നുണ്ടെന്നനുമാനിക്കാം. അനുമാനത്തിന്റെ ആധാരം പ്രത്യക്ഷ ദൃഷ്ട പദാർത്ഥം തന്നെയാണ്.

**88. ഉപമാനം**:- ഒരാൾ മറ്റൊരാളോട് പറയുന്നു പശുവിന് തുല്ല്യമാണ് ഗ്ലാവ് (Blue Bull) അങ്ങിനെ ഉപമയുടെ സാദൃശ്യമായി പറയുന്നതിനെ ഉപമാനമെന്ന് പറയുന്നു. ഇത് രണ്ടു പദാർത്ഥങ്ങളുടെ സാദൃശ്യത്തിന്റെ ആധാരത്തിലാണ്.

*(തുടരും)*

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
**തർജ്ജമ: സൂരി**



**സമയത്തിന്റെ** വേഗത നമുക്ക് സങ്കൽപിക്കാനാവുന്നതിലും അപ്പുറത്താണ്. കണ്ണുചിമ്മി തുറക്കുന്ന സമയംകൊണ്ട് ഭാവി ഭൂതമായിത്തീരുന്നു. വർത്തമാനത്തിൽ അൽപജ്ഞരായ നമുക്ക് ഒരിക്കലും വസിക്കാൻ സാധ്യമല്ല. ഈശ്വരന് മാത്രമെ അതിന് സാധിക്കുകയുള്ളൂ. സമയത്തെ തടുത്ത് നിർത്തുന്നതിന് ആർക്കും സാധ്യമല്ല. അതു കൊണ്ടാണ് സമയത്തെ എല്ലാവരിലും വെച്ച് ബലവാൻ എന്ന് പറയുന്നത്. സമയത്തെ ആർക്കും തടുക്കാൻ സാധ്യമല്ല. സമയത്തിന്റെ അസ്തിത്വം എന്നത് ഓരോ സംഭവങ്ങളുടെയും ആധാരമാക്കിയാണ്. അപ്രകാരമല്ലെങ്കിൽ കാലചക്രം തിരിയുകയില്ല. സെക്കന്റ്, മിനിറ്റ്, മണിക്കൂർ, ദിനരാത്രങ്ങൾ, ആഴ്ച്ചകൾ, മാസം, കൊല്ലം, തുടങ്ങിയ നാമങ്ങളെല്ലാം നമ്മൾ മനുഷ്യരാൽ നിർമ്മിക്കപ്പെട്ടവയാണ്. കൺചിമ്മുന്ന സമയം കൊണ്ട് ഭാവിഭൂതമാകുന്നുവെങ്കിൽ സമയം എവിടെയാണ് സ്ഥിതി ചെയ്യുന്നത്? എന്നാൽ ഈശ്വരൻ സദാ വർത്തമാനത്തിൽ വസിക്കുന്നു. എന്നാൽ നമുക്ക് വർത്തമാനത്തെ കാണുന്നതിനോ മനസ്സിലാക്കുന്നതിനോ സാധ്യമല്ല. ഈശ്വരൻ കാലരഹിതനാണ്. അതുകൊണ്ട് ഈശ്വരൻ ത്രികാലദർശി അല്ല. ആർക്കും അപ്രകാരം ആകാനും സാധിക്കുകയില്ല. ഈശ്വരൻ ത്രികാലജ്ഞാനിയും വർത്തമാനത്തിൽ വസിക്കുന്നവനും സദാ ഏകരസത്തോട് കൂടിയവനുമാണ്.

ഭവിഷ്യ കാലത്തെക്കുറിച്ചുള്ള പ്രശ്നങ്ങളെല്ലാം തന്നെ നിരർത്ഥകമാണ്. നൂറുവർഷത്തിനു ശേഷം നമ്മൾ ഉണ്ടാവുമോ ഇല്ലയോ അഥവാ ഏതവസ്ഥയിലായിരിക്കും? ഗ്രഹ-ഉപഗ്രഹങ്ങൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയവയെല്ലാം പ്രതിപാദിക്കുന്ന ജ്യോതിശാസ്ത്രം സത്യമാണ്. കാരണം അത് പ്രകൃതിയുടെ അലംഘനീയമായ നിയമങ്ങളെ ആധാരമാക്കിയുള്ളതാണ്. ഗ്രഹണം മുതലായവ എപ്പോഴുണ്ടാവുന്നു തുടങ്ങിയ ഭാവികാര്യങ്ങൾ ജ്യോതിശാസ്ത്രത്തിൽ വരുന്നവയാണ്. പ്രകൃതി നിയമങ്ങൾക്കനുസരിച്ചായതിനാൽ പരിവർത്തനം സംഭവിക്കാത്ത ഈ ജ്യോതിശാസ്ത്ര കണക്കുകൾ എല്ലാവർക്കും സ്വീകാര്യമാണ്. എന്നാൽ ജ്യോതിഷത്തിൽ ഫലവിദ്യ എന്നത് അസത്യവും അമാന്യവുമാണ്. ഗ്രഹങ്ങളുടെ പ്രവർത്തനത്തിനനുസരിച്ച് മനുഷ്യ ജീവനിലിലുണ്ടാകുന്ന ലാഭ നഷ്ടങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം നിരാധാരവും നിരർത്ഥകവ്വുമാണ്.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർ ദളം – ബാലപംക്തി

ആര്യവീരഗാഥ – 1

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



## ദേവേന്ദ്രനാഥ ഠാക്കൂറുമായുള്ള കൂടിക്കാഴ്ച്ച

സ്വാമിജി കൽക്കത്തയിലായിരുന്നപ്പോൾ ബ്രഹ്മസമാജത്തിന്റെ 43-ാം ഉത്സവം നടക്കുകയായിരുന്നു. ദ്വിജേന്ദ്ര നാഥ ഠാക്കൂറും ഹേമ്ചന്ദ്ര ചക്രവർത്തിയും കൂടി സ്വാമിയെ ദേവേന്ദ്രനാഥ ഠാക്കൂറിന്റെ ഗൃഹത്തിലേക്ക് കൊണ്ടുവന്നു. ദേവേന്ദ്ര നാഥ ഠാക്കൂറിന്റെ പുത്രന്മാർ സ്വാമിജിക്ക് വൻ ആദരസൽക്കാരങ്ങൾ നൽകി .ലോക പ്രസിദ്ധനായ കവി രവീന്ദ്രനാഥ ടാഗോർ ദേവേന്ദ്രനാഥ ഠാക്കൂറിന്റെ പുത്രനാണ്. വൈദിക ധർമ്മത്തെ അധികരിച്ച് സ്വാമിജി കൽക്കത്തയിൽ നീണ്ട ഒരു പ്രഭാഷണം നടത്തി

## ഹുഗ്ളി ശാസ്ത്രം

ഹുഗ്ളിയിലെ താരാചരൺ തർക്കരത്ന് പ്രസിദ്ധനായ സംസ്കൃത പണ്ഡിതനായിരുന്നു. സ്വാമിജി കൽക്കത്തയിലായിരുന്നപ്പോൾ അദ്ധേഹം അവിടെയുണ്ടായിരുന്നു. പക്ഷെ സ്വാമിജിയുമായി ശാസ്ത്ര ചർച്ച നടത്താൻ അദ്ദേഹം തയ്യാറായിരുന്നില്ല. എന്നാൽ ഇവിടെ ജനങ്ങളുടെ ആഗ്രഹപ്രകാരം ശാസ്ത്രങ്ങളിൽ വിഗ്രഹാരാധനക്ക് വിധിയുണ്ട് എന്ന് സ്ഥാപിക്കാൻ അദ്ദേഹം സ്വാമിജിയുമായി ചർച്ചയിലേർപ്പെട്ടു. എന്നാൽ സ്വാമിജിയുടെ വേദാദി സത്യശാസ്ത്ര പ്രമാണവും യുക്തിയുമടങ്ങിയ വാദങ്ങൾക്കു മുന്നിൽ വിഗ്രഹാരാധനയുടെ നിരർത്ഥകത അദ്ദേഹത്തിന് അംഗീകരിക്കേണ്ടി വന്നു. അവസാനം തങ്ങൾ കേവലം ഉദരപൂരണത്തിനാണ് വിഗ്രഹാരാധനയെ ന്യായീകരിക്കുന്നത് എന്ന് അദ്ദേഹം സമ്മതിച്ചു. പണ്ഡിറ്റ് താരാചരൺ തർക്കരത്ന് കാശി രാജസഭയിലെ പണ്ഡിതനായിരുന്നു.

ഇതിൽ നിന്നും അനുമാനിക്കാവുന്നത് വളരെയധികം പണ്ഡിതൻമാർ കേവലം സ്വാർത്ഥ ലാഭത്തിനായാണ് വിഗ്രഹാരാധനയെ ന്യായീകരിക്കുന്നത് എന്നാണ്. ഈ സ്വാർത്ഥതയാണ് നമ്മുടെ വൈദികധർമ്മത്തെ കളങ്കമുള്ളതാക്കിതീർക്കുന്നത്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

# സ്വാമി ശ്രദ്ധാനന്ദൻ

സാധ്വി സരോജിനി സരസ്വതി



എത്രയേറെ പറഞ്ഞ് മനസ്സിലാക്കിയാലും ജനങ്ങൾ നേതാക്കൻമാരുടെ പിന്നാലെയേ പോവുകയുള്ളൂ. നേതാവ് അവരെ മുതലെടുത്ത് നശിപ്പിച്ചെന്ന് വരാം. അതല്ല അവരെ അവരുടെ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചെന്ന് വരാം. എന്നാലും അവരുടെ പിന്നാലെ പായുന്ന ലോകമാണിപ്പോഴുള്ളത്. അതിനാൽ ജനങ്ങളെ ഉപദേശിച്ചിട്ട് ഫലമില്ല എന്ന് മനസ്സിലാക്കി ഈശ്വരൻ നേതാക്കൻമാരെയാണ് ഉപദേശിച്ചിരിക്കുന്നത്.

## ഈശ്വരനിൽ ഉറച്ച വിശ്വാസവും ശ്രദ്ധയും

ശ്രദ്ധാനന്ദൻ ഈശ്വരനിൽ ഉറച്ച വിശ്വാസമുള്ളവനായിരുന്നു. മഹർഷി വ്യാസൻ യോഗദർശന ഭാഷ്യത്തിൽ പറഞ്ഞിരിക്കുന്ന ശ്രദ്ധ തന്നെയാണ് സ്വാമിയിലും ഉണ്ടായിരുന്നത്. അദ്ദേഹം സന്യാസം സ്വീകരിച്ചത് 1917 ഏപ്രിൽ 10 നായിരുന്നു. വ്യാസൻ പറഞ്ഞതനുസരിച്ചുള്ള "സാഹിജനനീവ കല്യാണീയോഗിനം പാതി" അനുസരിച്ച് " തനിക്ക് ലഭിച്ച ആനന്ദം കൊണ്ടാണ് ശ്രദ്ധാനന്ദൻ എന്ന പേർ സ്വീകരിച്ചത്" എന്ന് സ്വാമി പറഞ്ഞിട്ടുണ്ട്.

" യഥാ നാമം തഥാ ഗുണാഃ" എന്ന ചൊല്ല് സ്വാമി ശ്രദ്ധാനന്ദനേക്കാൾ കൂടുതലായി വളരെകുറച്ച് പേർ മാത്രമേ ചാരിതാർത്ഥമാക്കിയിട്ടുള്ളൂ. സ്വാമിയുടെ ഗുണങ്ങൾ എല്ലാവരും പ്രശംസിച്ചതല്ലാതെ ആ ശ്രദ്ധയെ സ്വായത്തമാക്കുവാൻ ശ്രമിച്ചില്ല എന്ന് ഖേദ പൂർവ്വം പറയട്ടെ.

അദ്ദേഹത്തിന്റെ ജീവിതം ഒരു തപശ്ചര്യയായിരുന്നു അസത്യവുമായി സന്ധിചെയ്തിട്ടില്ല. അന്തരാത്മാവിന് വിരുദ്ധമായും ഒന്നും ചെയ്തിട്ടില്ല. സരളത, സത്യനിഷ്ഠ, സ്പഷ്ടവാദിത ഇവ അദ്ദേഹത്തിന്റെ ഗുണങ്ങളായിരുന്നു.

1919 ഏപ്രിൽ 4 ന് ഡൽഹിയിലെ ജുമാ മസ്ജിദിൽനിന്ന് മുസൽമാൻ സഹോദരങ്ങളുടെ ക്ഷണമനുസരിച്ച് ഒരു വിശാല സദയെ അഭിസംബോധനം ചെയ്ത്:-

ഓം ത്വംഹി നഃ പിതാ വസോത്വം മാതാ ശതക്രതോ ബഭൂവിധ ക
അഥാതേ സുമ്നീമഹേ II (ഋ.വേ. 8/98/11 )

എന്ന വേദമന്ത്രം ചൊല്ലിക്കൊണ്ട് പ്രസംഗം ആരംഭിക്കുകയും ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ എന്ന് പറഞ്ഞ് അവസാനിപ്പിക്കുകയും ചെയ്തു. അന്നത്തെ ജനങ്ങളുടെ ഐക്യ മനോഭാവത്തെയാണിത് കാണിക്കുന്നത്. അതിന് മുമ്പോ അതിന് ശേഷമോ മുസ്ലീമല്ലാത്ത ഒരാൾക്ക് ജുമാമസ്ജിദിൽ ഉപദേശം നൽകാനുള്ള അവസരം കൊടുത്തിട്ടില്ല.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

*ഒരു ആര്യസമാജം പ്രസിദ്ധീകരണം* | *RNI NO. KERMAL /2013/53849*
*Date of Publication 10/12/2015* | *REGISTERED NO. OTTAPALAM/5/2014-16*

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ഗുരുദത്ത് ഭവൻ ഉദ്ഘാടനവും വേദസ്വാദ്ധ്യായ ശിബിരവും

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃതത്തിൽ പ്രവർത്തിക്കുന്ന പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാ വിദ്ധ്യാലയത്തിന്റെ പുതിയകെട്ടിടമായ 'പണ്ഡിറ്റ് ഗുരുദത്ത് ഭവന്' ത്തിന്റെ ഉദ്ഘാടനം സാമിശ്രദ്ധാനന്ദന്റെ ബലിദാന ദിനമായ ഡിസംബർ 23ന് നടക്കുന്നതാണ്. അജ്മേരിലെ മഹർഷി ദയാനന്ദ് ആർഷ ഗുരുകുലത്തിലെ ആചാര്യ സത്യേന്ദ്ര ആര്യയും ആര്യജഗത്തിലെ പ്രഗൽഭരായ ആചാര്യ - സന്യാസി - വാനപ്രസ്ഥികളും പങ്കെടുക്കുന്ന ഈ ചടങ്ങിനോടനുബന്ധിച്ച് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഒരുവേദ സ്വാദ്ധായ ശിബിരവും നടക്കുന്നതാണ് ഈ ശിബിരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9562529095, 9446017440, 9497127923. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ ശിസിരത്തിൽ പ്രവേശനം നൽകാൻ നിർവ്വാഹമുള്ളൂ.

*ദയാനന്ദ സന്ദേശം വൈദിക മാസിക*



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
**Email: dayanandasandesam@gmail.com**
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*